**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5447 28/07/2015-ൽ മറുപടിക്ക്

## ചക്ക സംസ്കരണ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തിൽ ചക്ക സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; | എ) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന ചുവടെപ്പറയുന്ന സംഘടനകളുടെ ആഭിമുഖ്യത്തിൽ ചക്ക സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിച്ച വരുന്നു.<br>• ഇ.എഫ്.ആർ.ഡി.എസ്, എസ്.എച്ച്..ജി, പാലക്കാട്.<br>• സംഘമിത്ര എസ്.എച്ച്. ജി, പാലക്കാട്.<br>• ഗോഗ്രീൻ എസ്.എച്ച്. ജി, പാലക്കാട്.<br>• ഹരിതശ്രീ എസ്.എച്ച്. ജി, മലപ്പുറം.<br>• പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാട്.<br>കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പത്തനംതിട്ട ജില്ലയിലെ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ - കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ചെടുത്ത ചക്കയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ സാങ്കേതിക വിദ്യകളുടെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോരുത്തോട് ഫാർമേഴ്സ് ക്ലബ്ബും, തൃശ്ശൂർ വെറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനിയും സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ചക്ക സംസ്കരണം ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നതിനായി വ്യാപകമായി സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനവും, ധനസഹായവും നല്കി വരുന്നു. ചക്കയുടെ മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണത്തിന് വേണ്ടിയുള്ള 5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപവരെ ചെലവ് വരുന്ന വായ്പബന്ധിത സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സഹായമായി നല്കുന്നു. കൂടാതെ ചക്കയുടെ മൂല്യ വർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ എസ്.എഫ്.എ.സി വഴി നടത്തി വരുന്നു. സർക്കാർ തലത്തിലും അല്ലാതെയും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും വിപണന മേളകളിലും ചക്കയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരം നല്കുന്നുണ്ട്.<br><br>ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കൃഷി വിജ്ഞാന കേന്ദ്രം, പത്തനംതിട്ട ജില്ലയിൽ പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ചക്കയുടെ പ്രാഥമിക സംസ്കരണ - ഉല്പന്ന നിർമ്മാണ കേന്ദ്രത്തിൽ ചക്കയിൽ നിന്നും വിവിധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ